**ഇഹ്സാൻ**

# ചെകുത്താൻ ഓത്തു പഠിപ്പിക്കുന്ന ദേര

‘**ഞാൻ** മുറിയിലേക്ക് കടക്കുമ്പോൾ ബാബ ബ്ലൂഫിലിം കണ്ട് രസിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ തലയിണക്കടുത്ത് എനിക്ക് കാണാൻ പാകത്തിൽ റിവോൾവർ പുറത്തുവെച്ചിരുന്നു. മഹാരാജ് എന്നെ വാരിപ്പുണർന്നു. ബാബ എന്നെ റൂമിലേക്കു വിളിപ്പിച്ചു എന്നറിഞ്ഞപ്പോൾ ദൈവത്തിന്റെ സന്നിധിയിൽ നേരിട്ട് ഹാജരാകുന്നതുപോലെയാണ് ഞാൻ കണക്കാക്കിയത്. പക്ഷേ അദ്ദേഹത്തിന്റെ ആവശ്യം എന്താണെന്ന് അറിഞ്ഞതോടെ ഞാൻ പകച്ചുപോയി. ദേരയിൽ സാധ്വികളായി ചേരുമ്പോൾ ശരീരവും മനസ്സും സമ്പത്തും മഹാരാജിന് കൊടുക്കുമെന്നാണ് ഞങ്ങൾ വാക്കു നൽകാറുള്ളത്. എന്റെ സത്യപ്രതിജ്ഞയെ അദ്ദേഹം ഓർമപ്പെടുത്തി. ഭഗവാൻ കൃഷ്ണനു ചുറ്റുമുണ്ടായിരുന്ന 360 ഗോപസ്ത്രീകളുമായി ചേർന്ന് നിത്യവും അദ്ദേഹം പ്രേമലീലകൾ ആടാറുണ്ടായിരുന്നെന്ന് ബാബ എന്നെ ഉണർത്തി. കൃഷ്ണനെ ജനങ്ങൾ ഭഗവാനായാണ് ഇന്നും കണക്കാക്കുന്നത്. ഇതൊന്നും പുതിയ കാര്യമല്ല. വേണമെങ്കിൽ എനിക്കു നിന്നെ ഈ നിമിഷം കൊല്ലാം. ഒരാളുമറിയാതെ നിന്റെ ശവം കത്തിച്ചുകളയാനും കഴിയും. നിന്റെ കുടുംബം എന്റെ അടിമകളാണ്. എനിക്കെതിരെ ഒരക്ഷരം അവർ പുറത്തുപറയില്ല. പഞ്ചാബിലെയും ഹരിയാനയിലെയും മുഖ്യമന്ത്രിമാർ എന്റെ കാൽതൊട്ടു വണങ്ങുന്നവരാണ്. ഇവിടത്തെ എല്ലാ രാഷ്ട്രീയക്കാരും എന്റെ പണം വാങ്ങുന്നവരാണ്. നിന്റെ കുടുംബത്തിലെ അംഗങ്ങളെ അവരുടെ ജോലികളിൽനിന്നും പുറത്താക്കാൻ ഞാൻ വിചാരിച്ചാൽ കഴിയും. പണം മാത്രം മതി എന്തിനും. ഈ രാജ്യത്ത് പണം കൊടുത്താൽ വിലയ്ക്കു വാങ്ങാൻ കഴിയാത്ത ഒന്നുമില്ല. കോടതിയെയും രാഷ്ട്രീയക്കാരനെയുംഎന്തിനെയും- ബാബ പറഞ്ഞു’.

2002-ൽ അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിക്ക് അജ്ഞാതയായ ഒരു പെൺകുട്ടി അയച്ച എഴുത്തിലെ വരികളാണിത്. നിലവിൽ പഞ്ചാബിലെയും ഹരിയാനയിലെയും ജനങ്ങൾക്കിടയിൽ ആത്മീയതയുടെ പര്യായമായി അറിയപ്പെടുന്ന സാക്ഷാൽ റാം റഹീം ഗുർമീത് സിംഗിന്റെ യഥാർഥ മുഖം ഈ എഴുത്തിലുണ്ട്. ലോകത്തുടനീളം രണ്ട് കോടിയോളമോ അതിലേറെയോ അനുയായികൾ ഇദ്ദേഹത്തിനുണ്ടെന്ന് പറയപ്പെടുന്നു. പുറമെ കേൾക്കുന്നതിന്റെ എത്രയോ മടങ്ങ് കപടനും അപകടകാരിയുമാണ് ദേര സച്ചാ സൗദയുടെ അധിപനെന്നാണ് അദ്ദേഹത്തെ കുറിച്ച് പുറത്തുവരുന്ന റിപ്പോർട്ടുകളിലുള്ളത്. കാപട്യത്തിന്റെ അങ്ങേത്തല എത്രത്തോളമെന്നു വെച്ചാൽ ഭാര്യയും മൂന്നു മക്കളുമുള്ള ഈ ബാബയുടെ ‘മതം’ അനുയായികളെ പഠിപ്പിക്കുന്നത് വിവാഹം കഴിക്കരുതെന്നാണ്. പ്രേമമാണ് ഏറ്റവും ശ്രേഷ്ഠമായ ഭാവമെന്നും ആരോടും വഴക്കിന് തുനിയരുതെന്നും അനുയായികളെ പഠിപ്പിക്കുന്ന ബാബയാണ് റിവോൾവറിന്റെ മുന ചൂണ്ടിക്കാട്ടി നിസ്സഹായരായ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നത്. ദേരയുടെ ആസ്ഥാനത്ത് പെൺമക്കളെ ദൈവപ്രീതിക്കായി ഉപേക്ഷിക്കുന്ന എത്രയോ രക്ഷിതാക്കൾ ഇന്നും സിഖുകാരിലുണ്ട്. പ്രേമികൾ എന്ന ഓമനപ്പേരിൽ വിശ്വാസികൾ അറിയപ്പെടുന്ന ഈ സമൂഹത്തിൽ പൂർണമായി ദേരയിൽ ചേരുന്ന പുരുഷന്മാരെ സേവാദാർ എന്നാണ് വിളിക്കുന്നത്. ജീവിതം ബാബയുടെ ആസ്ഥാനത്ത് ഉഴിഞ്ഞുവെക്കുന്ന പെൺകുട്ടികളെ സാധ്വികൾ എന്നും വിളിക്കും. മാതാപിതാക്കൾ സാധ്വിയാക്കി ഉഴിഞ്ഞിട്ട ഒരു പെൺകുട്ടി പത്രങ്ങൾക്ക് അയച്ച എഴുത്താണ് മുകളിൽ ഉദ്ധരിച്ചത്. ഈ പെൺകുട്ടിയെ പോലെ ദേരക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച 35 മുതൽ 40 വരെ പെൺകുട്ടികൾ 2002-ൽ സിർസയിലെ ആസ്ഥാന മന്ദിരത്തിൽ ഉണ്ടായിരുന്നുവത്രെ. വിവാഹപ്രായം കഴിഞ്ഞ ഇവരിൽ പലരെയും ബാബ ഗുർമീത് ബലാത്സംഗം ചെയ്തിട്ടുണ്ടെന്നും ഈ എഴുത്തിൽ ചൂണ്ടിക്കാട്ടുന്നു.

വെറും ബലാത്സംഗം മാത്രമല്ല ഈ ‘മനുഷ്യദൈവ’ത്തിന്റെ പൈശാചിക വിനോദങ്ങളിൽ പെടുന്നത്. ദേരാ ആസ്ഥാനത്ത് മുൻ സേവാദാറായിരുന്ന രഞ്ജിത്ത് സിംഗ് കുരുക്ഷേത്രയിലെ സ്വന്തം കൃഷിഭൂമിയിൽ 2002 ജൂലൈ 10-ന് വെടിയേറ്റു മരിച്ചതിനു പിന്നിൽ ബാബാ ഗുർമീത് റാം റഹീമിന്റെ കിങ്കരന്മാരായിരുന്നു. അടൽ ബിഹാരി വാജ്പേയിക്ക് അജ്ഞാതയായ ആ പെൺകുട്ടി അയച്ച കത്ത് മാധ്യമങ്ങൾക്ക് ചോർത്തി നൽകിയത് രഞ്ജിത് സിംഗായിരുന്നു. ഈ വാർത്ത പ്രസിദ്ധീകരിച്ചതിന് സിർസയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *പൂരാ സച്ച്* ദിനപത്രത്തിന്റെ എഡിറ്റർ രംചന്ദർ ഛത്രപതിയും കൊല്ലപ്പെട്ടു. ദേരാ സച്ചാ സൗദയുടെ മാനേജർ കിഷൻ ലാലിന്റെ ലൈസൻസുള്ള റിവോൾവർ ഉപയാഗിച്ചാണ് ഈ കൊലപാതകം നടത്തിയതെന്ന് പിൽക്കാലത്ത് പോലീസ് അന്വേഷണം പുറത്തുകൊണ്ടുവന്നു. രണ്ട് കൊലപാതകങ്ങൾക്കും പിന്നിൽ ബാബാ ഗുർമീതിന് നേരിട്ട് പങ്കുണ്ടെന്ന് സി.ബി.ഐക്ക് റിപ്പോർട്ട് ചെയ്ത ജില്ലാ പോലീസ് സൂപ്രണ്ട് അമൻദീപ് സിംഗിനെ അന്നത്തെ കോൺഗ്രസ് സർക്കാർ സ്ഥലംമാറ്റി. അഞ്ചു വർഷം പിന്നിട്ടിട്ടും ഈ കേസ് ഇന്നും അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

ഈ വാർത്തകൾ നമ്മോടു പറയുന്ന സത്യങ്ങൾ എത്രതന്നെ അമ്പരപ്പിക്കുന്നതായാലും ദേരാ സച്ചാ സൗദയുടെ ഹരിയാനയിലെ ആസ്ഥാനം അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് സിഖ് സമുദായം നടത്തുന്ന പ്രക്ഷോഭത്തിന് ഇതൊന്നുമല്ല കാരണമാവുന്നത്. ബാബാ ഗുർമീത് റാം റഹീം സിംഗ് സിഖ് മതത്തിന്റെ പ്രവാചകനായ ഗുരുഗോവിന്ദ് സിംഗിന്റെ വേഷം ധരിച്ച് പത്രങ്ങൾക്ക് പരസ്യം കൊടുത്തതാണ് ഇപ്പോഴത്തെ കലഹങ്ങളുടെ പ്രത്യക്ഷഹേതു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ദേരാ സച്ചാ സൗദ കോൺഗ്രസ്സിന് അനുകൂലമായി സ്വീകരിച്ച നിലപാടിൽ ഇപ്പോഴത്തെ പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദലിനുള്ള അതൃപ്തിയാണ് സച്ചാ സൗദക്കെതിരെ അകാൽ തഖ്തിലൂടെ പുറത്തുവരുന്നതെന്നും കരുതുന്നുണ്ട്. ഒരു ഭാഗത്ത് സിഖ് വർഗീയതയെ ഇളക്കിവിടുന്നുണ്ടെങ്കിലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ ബാബയുടെ കാലു മുത്തിയവനാണ് എന്നിടത്താണ് ബാദലിന്റെയും മകന്റെയും കാപട്യം. ദേര സച്ചാ സൗദയുടെ ആവിർഭാവത്തോടെ സിഖ്മതം നേരിടേണ്ടിവരുന്ന സാമ്പത്തിക വെല്ലുവിളിയാണ് മറ്റൊരു കാരണമായി പറയപ്പെടുന്നത്. സിഖ് ഗുരുദ്വാരകളിലേക്കെത്തേണ്ട 80 ശതമാനം പണവും ദേരയിലേക്കാണ് സംഭാവനയായി ഒഴുകുന്നതത്രെ. എന്തായാലും ഗോവിന്ദ് സിംഗിന്റെ വേഷം ഗുർമീത് ധരിച്ചതുകൊണ്ട് സിഖുമതം തകർന്നുവെന്ന മട്ടിലുള്ള ഈ കോലാഹലങ്ങൾ കണ്ടിരിക്കാൻ രസമുണ്ട്. സിഖുകാരന്റെ ന്യായത്തെ ചോദ്യം ചെയ്യാനോ ഗുർമീതിന്റെ കാപട്യം തുറന്നുകാട്ടാനോ ഒരാൾ പോലും തയാറല്ല. ദേരക്കും അകാലികൾക്കുമിടയിൽ ഐക്യമുണ്ടാക്കാനായി സ്വാമി അഗ്നിവേശ് മുതൽ സകല മതകീയരും മതേതരരുമായ നേതാക്കൾ ആഴ്ചകളോളമായി അമൃത്സറിനും സിർസക്കുമിടയിൽ ഓടിനടക്കുകയാണ്. അടച്ചുപൂട്ടി മുദ്രവെക്കേണ്ടതിനു പകരം ഇത്തരം കപട ആത്മീയ വ്യവസായങ്ങളെ കോൺഗ്രസ്സായാലും അകാലിദളായാലും അഗ്നിവേശായാലും ഉദാത്തവത്കരിക്കുകയാണ് ചെയ്യുന്നത്.

പ്രവാചക കാർട്ടൂൺ വിവാദകാലത്ത് ഇന്ത്യയിലും ലോകത്തുടനീളവും ഉണ്ടായ പ്രതിഷേധങ്ങൾക്ക് മാധ്യമങ്ങൾ നൽകിയ വിളിപ്പേര് മതഭ്രാന്ത് എന്നായിരുന്നു. അതേസമയം ഹിന്ദു ദൈവത്തിന്റെ ചിത്രം മുസ്ലിം വരച്ചാൽ ഇളകുന്ന ഭ്രാന്തിനെ ദേശീയത എന്നേ വിശേഷിപ്പിച്ചുകൂടൂ. ഏതാണ്ട് സിഖ് മതമെന്നു തന്നെ വിളിക്കാവുന്ന ദേര സച്ചാ സൗദയുടെ അധ്യക്ഷൻ സാക്ഷാൽ ഗുരുവിന്റെ വേഷം ധരിച്ചാൽ പഞ്ചാബിൽ ഇളകുന്നത് വെറും അസ്വസ്ഥത! മാധ്യമങ്ങൾ അനുവദിക്കുന്ന ഈ ഉദാരസമീപനത്തിന് ഈയിടെയായി വേറെയും ഉദാഹരണങ്ങളുണ്ട്. സംവരണം ആവശ്യപ്പെട്ട് ഗുജ്ജാർ സമുദായം രാജസ്ഥാനിലും ഹരിയാനയിലും റോഡുകൾ തടഞ്ഞതും ബസുകൾക്ക് തീവെച്ചതും മറ്റു വല്ല സമുദായക്കാരുമായിരുന്നെങ്കിൽ കാണാമായിരുന്നു കഥ.